പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. **156** **06.07.2015** ൽ മറുപടിക്ക്

## അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ട്

ചോദ്യം

ശ്രീ. എം.എ.ബേബി :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ.വി. അബ്ദുൾ ഖാദർ :
ശ്രീ. എ.എം. ആരിഫ് :

ഉത്തരം

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മലയാള സിനിമാ മേഖലയെ കുറിച്ച് പഠിച്ച **അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റിയുടെ** റിപ്പോർട്ടിലെ ഏതെല്ലാം ശുപാർശകൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കാമോ ; | (എ) | അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ടിലെ അവാർഡ് നിർണ്ണയം സംബന്ധിച്ചുള്ള ശുപാർശകളുടെ അടിസ്ഥാനത്തിൽ ചലച്ചിത്ര അവാർഡ് ചട്ടങ്ങൾ ഭേദഗതി വരുത്തിയിട്ടുണ്ട്. സമിതിയുടെ നിർദ്ദേശങ്ങളിൽ ചലച്ചിത്ര മേളയുടെ നടത്തിപ്പ് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ താഴെ ചേർക്കുന്നു.<br>1. ചലച്ചിത്രമേളയിൽ പ്രദർശിപ്പിക്കുന്ന സിനിമകളുടെ എണ്ണം 139 ആയി കുറച്ചു.<br>2. ഡെലിഗേറ്റ് ഫീ ഏകീകരിച്ച് 500 രൂപയായി നിശ്ചയിച്ചു. വിദ്യാർത്ഥികൾക്ക് ടിക്കറ്റ് നിരക്ക് 300/- രൂപയായി നിശ്ചയിച്ചു.<br>3. ഡെലിഗേറ്റ് രജിസ്ട്രേഷൻ ചുമതലകൾ ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റിയും ചലച്ചിത്ര അക്കാദമിയും സംയുക്തമായാണ് നിർവ്വഹിച്ചത്.<br>4. ഡെലിഗേറ്റുകളെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ ശേഖരിക്കുവാൻ കഴിയുന്ന തരത്തിൽ അപേക്ഷാഫോറം പരിഷ്കരിച്ചു .<br>5. **സമിതി** നിർദ്ദേശ**പ്രകാരം** ഓരോ പ്രദർശനവും കഴിഞ്ഞാലുടൻ കൃത്യസമയത്തു തന്നെ അടുത്ത പ്രദർശനം ആരംഭിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കി.<br>6. ശ്രദ്ധാഞ്ജലി പരമ്പരയിൽ സിനിമയ്ക്ക് ശ്രദ്ധേയമായ സംഭാവനകൾ ചെയ്തിട്ടുള്ള വ്യക്തികളെപ്പററിയുള്ള 100 പേജിൽ കവിയാത്ത പുസ്തകങ്ങൾ ഫെസ്റ്റിവൽ |

വേദിയിൽ പ്രകാശനം ചെയ്യണമെന്നുള്ള സമിതി തീരുമാനം നടപ്പിലാക്കി.

7. മേളയ്ക്ക് ചിത്രങ്ങൾ തെരഞ്ഞെടുക്കുന്നതും ഉദ്ഘാടന ചിത്രം തീരുമാനം നിശ്ചയിക്കുന്നതും വിദഗ്ധ സമിതിഅംഗീകരിച്ചതിനു ശേഷമായിരിക്കണമെന്ന സമിതി നിർദ്ദേശം നടപ്പിലാക്കി.
8. മേള തുടങ്ങുന്നതിന് മുൻപേ ഫെസ്റ്റിവൽ കാറ്റലോഗ് തയാറാക്കിയിരുന്നു.
9. മത്സര ചിത്രങ്ങൾ കൂടുതൽ സീറ്റുകളുള്ള തിയേറ്ററുകളിൽ പ്രദർശിപ്പിക്കണമെന്ന വിദഗ്ധ സമിതി നിർദ്ദേശം നടപ്പിലാക്കി.
10. ഉദ്ഘാടന സമാപന ചടങ്ങുകൾ ലളിതമായ രീതിയിൽ പരമാവധി ചെലവ് കുറച്ച് നടത്തുവാൻ കഴിഞ്ഞു.
11. ഫെസ്റ്റിവൽ ബുള്ളറ്റിൻ നിലവാരമുള്ള നിലയിൽ പ്രസിദ്ധീകരിക്കണമെന്ന സമിതി നിർദ്ദേശം നടപ്പിലാക്കി.
12. സമിതി തീരുമാനം അനുസരിച്ച് അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ മാർക്കറ്റിംഗ് വിഭാഗം ആരംഭിക്കുകയും തെരഞ്ഞെടുക്കപ്പെട്ട 18 മലയാള ചിത്രങ്ങൾ ഫിലിം മാർക്കറ്റിംഗിന്റെ ഭാഗമായി ഒരു അന്താരാഷ്ട്ര ജ്യൂറിയെ നിയോഗിച്ച് വിലയിരുത്തി അതിൽ നിന്നും 4 ചിത്രങ്ങൾ തെരഞ്ഞെടുക്കുകയും ചെയ്തു.

ജെ.സി. ഡാനിയേൽ പുരസ്കാരം, ആയുഷ്കാല സംഭാവനയ്ക്കുള്ള ആഗോള പുരസ്കാരം, ചലച്ചിത്ര ആർക്കൈവ്, ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരണം എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങളിന്മേൽ നടപടി സ്വീകരിച്ചു വരുന്നു. സമിതി റിപ്പോർട്ട് അനുസരിച്ച് സിനിമാ സബ്സിഡി തുക വർദ്ധിപ്പിക്കുമ്പോഴും, പ്രോത്സാഹന സമ്മാനങ്ങൾ [illegible] നൽകുമ്പോഴും ഉണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണ്. സമിതി റിപ്പോർട്ട് അനുസരിച്ച് സബ്സിഡി അനുവദിച്ച ചിത്രങ്ങളിൽ ദേശീയ തലത്തിൽ അംഗീകാരം കിട്ടിയ ചിത്രങ്ങളെ മാത്രം പിന്നീടുള്ള പ്രദർശനങ്ങളിൽ വിനോദ നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കേരള

| | | | |
|---|---|---|---|
| | | | സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ തിയേറ്ററുകളിലെ സാധാരണ പ്രദർശനത്തെ ബാധിക്കാത്ത രീതിയിൽ അംഗീകൃത ഫിലിം സൊസൈറ്റികൾ നടത്തുന്ന പ്രദർശനങ്ങൾക്ക് നിലവിലുള്ള വാടക നിരക്കിൽ 25 ശതമാനം കുറവ് അനുവദിച്ചിട്ടുണ്ട്. |
| (ബി) | സിനിമയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സംബന്ധിച്ച് വിളിച്ചു ചേർത്ത യോഗത്തിന്റെ തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ ; | (ബി) | സിനിമയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സംബന്ധിച്ച് വിളിച്ചു ചേർത്ത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇ-ടിക്കറ്റിംഗ് സിസ്റ്റം നടപ്പിൽ വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സിനിമാ ചിത്രീകരണത്തിനുള്ള ഏകജാലക സംവിധാനം സുഗമമാക്കുന്നതിനായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മുഖേന തുടർ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നതിന് തന്നാണ്ടിലെ ബജറ്റിൽ പ്രത്യേകമായി തുക വകയിരുത്തിയിട്ടുണ്ടോ; ഇതിനായുള്ള അധിക ചെലവെത്രയെന്ന് വ്യക്തമാക്കുമോ ? | (സി) | റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നതിന് തന്നാണ്ടിലെ ബജറ്റിൽ പ്രത്യേകമായി തുക വകയിരുത്തിയിട്ടില്ല. എന്നാൽ ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരണത്തിന്റെ ഭാഗമായി ഡിജിറ്റലൈസേഷനുവേണ്ടി ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കമ്മിറ്റി റിപ്പോർട്ടിലെ മറ്റ് ശുപാർശകൾ നടപ്പിലാക്കുന്നതിനുള്ള അധിക ചെലവ് കണക്കാക്കിയിട്ടില്ല. |

Saradadevi
സെക്ഷൻ ഓഫീസർ